(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

പുതിയ തൊഴിൽ സംസ്ക്കാരം

60 (212) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പുതിയ തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വ്യവസായ പുരോഗതിയും തൊഴിലാളി ക്ഷേമവും കണക്കിലെടുത്ത് തൊഴിൽ വകുപ്പ് ഈ വർഷം തൊഴിൽ വർഷമായി ആചരിക്കുവാനും ലേബർ അജണ്ട നടപ്പിലാക്കുവാനും തീരുമാനിക്കുകയും തദനുസൃതമായ നടപടികൾ ദ്രുതഗതിയിൽ കൈക്കൊണ്ടു വരുകയും ചെയ്യുന്നു.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമവും സുഗമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുകയും ആയതിലേയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വിദഗ്ദ്ധ സമിതികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ വേണ്ടി ഒരു ലേബർ അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തൊഴിൽ നയം

61 (213) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സ്ഥാപനങ്ങളിൽ മാനദണ്ഡം പാലിക്കാതെ തൊഴിലാളികളെ നിയമിക്കുവാനും പിരിച്ചുവിടാനും ചില മേഖലകളിലെ കമ്പനികൾക്ക് സ്വാതന്ത്ര്യം നൽകുന്നതിന് കേന്ദ്രഗവൺമെന്റ് ആലോചിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഗവൺമെന്റിനെ ഇത്തരം നടപടികളിൽ നിന്ന് പിൻതിരിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

വൈദ്യുതി ബോർഡിന്റെ വിഭജനം

62 (214) ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ച് ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലാഭകേന്ദ്രങ്ങളായാണ് വൈദ്യുതി ബോർഡിനെ വിഭജിച്ചിട്ടുള്ളത് ;

(സി) ഓരോ ലാഭകേന്ദ്രവും എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly